ഭരണഭാഷ –മാതൃഭാഷ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
എൽ.ഐ.ഡി. & ഇ. ഡബ്ലൂ ഞീഴൂർ ഗ്രാമപഞ്ചായത്ത്
ഞീഴൂർ പി.ഒ.

ഇ-ദർഘാസ് പരസ്യം

ഫയൽ നം. **03/AE/TN/NJR/2026-27** തീയതി : **28-09-2026**

വാർഷിക പദ്ധതി 2026-27 ൽ ഉൾപ്പെടുത്തി ഞീഴൂർ ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന പ്രവൃത്തിക്കുവേണ്ടി തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ജലസേചനം തുടങ്ങിയ വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും പരിചയസമ്പന്നരാ യിട്ടുള്ള കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ഓൺലൈൻ (ഇ – ടെൻഡർ) ആയി ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഫോറങ്ങൾ **28-09-2026** മുതൽ വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമ നമ്പർ	പ്രോജക്ട് നം	പ്രവൃത്തിയുടെ പേര്	മതിപ്പ് ചിലവ്	പ്രവൃത്തി ചെയ്ത് തീർക്കാനുള്ള കാലാവധി	നിരത ദ്രവ്യം	ദർഘാസ് ഫീസ് (18) ജി.എ.സ്.റ്റി. ഉൾപ്പെടെ	ദർഘാസ് ഫോറങ്ങൾ ലഭിക്കുന്ന അവസാന തീയതി	ദർഘാസ് ഓൺലൈനിൽ സമർപ്പിക്കുന്ന അവസാന തീയതി	ദർഘാസ് തുറന്ന് പരിശോധിക്കുന്ന തീയതി
1	43	ശാന്തിപുരം പുളിഞ്ചുവട് റോഡ് മെയിന്റനൻസ് വാർഡ് - 01	676748	6 മാസം	16919	1495	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
2	50	കാരക്കുന്ന് കടുവാക്കുഴി റോഡ് മെയിന്റനൻസ് വാർഡ് - 3	677941	6 മാസം	16949	1495	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
3	53	ചാലുംകര വട്ടക്കുന്ന് റോഡ് മെയിന്റനൻസ് വാർഡ് - 4	787822	6 മാസം	19696	1740	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
4	64	വാക്കാട് പേപ്പാറ റോഡ് മെയിന്റനൻസ് വാർഡ് - 6	293516	6 മാസം	7338	650	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
5	67	മുക്കവലക്കുന്ന് ഇഞ്ചക്കൽ റോഡ് മെയിന്റനൻസ് വാർഡ് - 7	676774	6 മാസം	16919	1495	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
6	74	മറ്റം തോമ്മാക്കുഴി റോഡ് മെയിന്റനൻസ് വാർഡ് - 9	420188	6 മാസം	10505	930	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am

7	82	നിരാളക്കോട് കുരങ്ങാട്ട് നിരപ്പേൽ റോഡ് മെയിന്റനൻസ് വാർഡ് - 14	677707	6 മാസം	16943	1495	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
8	89	കുറുമറ്റപ്പള്ളി വരീക്കൽ റോഡ് നിർമ്മാണം വാർഡ് - 1	338547	6 മാസം	8464	750	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am
9	94	നെടുമ്പ്രായിൽ കുഴിമറ്റം പഞ്ചായത്ത് കുളം റോഡ് നിർമ്മാണം വാർഡ് - 6	338400	6 മാസം	8460	750	06-10-2026 5.00 pm	06-10-2026 5.00 pm	08-10-2026 11.00 am

1. ദർഘാസ് പ്രമാണങ്ങൾ ഇ ടെൻഡർ വെബ്സൈറ്റിൽ നിന്നും സൌജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്.
2. ദർഘാസിനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ദർഘാസ് ഫീയും പ്രോസസ്സിംഗ് ഫീസും നെറ്റ് ബാങ്കിംഗ് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിയ്ക്കുന്നതാണ്.
3. ദർഘാസുകൾ ഓൺലൈനായി മാത്രമാണ് സമർപ്പിയ്ക്കേണ്ടത് നെറ്റ് വർക്ക് തകരാറ് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെണ്ടർ സ്വീകരിക്കുന്നയാൾ ഉത്തരവാദി ആയിരിക്കുന്നതല്ല.
4. ദർഘാസ് ഫോറങ്ങളും അനുബന്ധ രേഖകളും ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി വരെ ഇ ടെൻഡർ വെബ്സൈറ്റിൽ നിന്നും സൌജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്.
5. നിർദ്ദിഷ്ട രീതിയിൽ തയ്യാറാക്കിയ ദർഘാസുകൾ നിശ്ചിത സമയത്തിന് മുമ്പായി ഇ ടെൻഡർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിരിക്കേണ്ടതാണ്.
6. പ്രിലിമനറി എഗ്രിമെന്റ്, കോൺട്രാക്ടേഴ്സ് ലൈസൻസ് കോപ്പി, ഇ – പെയ്മെന്റ് ഫോം. ആവശ്യപ്പെട്ടിട്ടുള്ള മറ്റ് രേഖകൾ എന്നിവ അപ് ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ദർഘാസുകളും നിശ്ചിത സമയത്തിന് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ഓൺലൈനായി തുറക്കുന്നതാണ്.
8. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ സമാഹൃതപത്രിക (Tender Tabulation Statement) തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതും ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.
9. GO (P) No. 429 /15 Fin Dated 28-09-2015 GO(P) No. 19/2016 Fin Dated 03-02-2016 എന്നീ ഉത്തരവുകൾ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10 ശതമാനത്തിലധികം കുറഞ്ഞ നിരക്ക് കാട്ടി ചെയ്യുന്ന സാഹചര്യം ഉണ്ടാകയാണെങ്കില് അധികമുള്ള കുറഞ്ഞ നിരക്കിന് ആനുപാതികമായി കരാർ വയ്ക്കുന്ന സമയത്ത് അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി വയ്ക്കേണ്ടതും പ്രസ്തുത ഗ്യാരന്റി തുക പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. പെർഫോമൻസ് ഗ്യാരന്റി തുക നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾസ് ബാങ്കുകൾ ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായോ പഞ്ചായത്തിൽ പണമായി ഒടുക്കിയോ നൽകാവുന്നതാണ്. ഇത് കൂടാതെ കരാർ തുകയുടെ 5% തുക പെർഫോമൻസ് ഗ്യാരന്റി ആയും ഒടുക്കേണ്ടതാണ്.

10. ബിറ്റുമെൻ ഉപയോഗിച്ചുള്ള പ്രവർത്തികൾക്ക് ബിറ്റുമെൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ല് കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ബില്ലിലെ തുക കരാറുകാരന് കോട്ട് ചെയ്ത അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതലായാലും കുറവായാലും അംഗീകരിക്കപ്പെട്ട നിരക്ക് മാത്രമേ നൽകുകയുള്ളൂ. ബാരൽ ബിറ്റുമെൻ ഉപയോഗിക്കുന്ന പക്ഷം അംഗീകൃത നിരക്കിനുസരിച്ച് ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും ഈടാക്കുന്നതായിരിക്കും.

11. പ്രവൃത്തികൾക്ക് വേണ്ടി ആവശ്യമായി വരുന്ന മുഴുവൻ സാധനങ്ങളും കരാറുകാരന് തന്നെ സംഭരിക്കേണ്ടതും എൻജിനീയറുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കുവേണ്ടി ഉപയോഗിക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സാധനങ്ങൾ ഡിപ്പാർട്ടുമെന്റ് വാങ്ങി നൽതുന്നതല്ല.

12. ഐറ്റം റേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ സംഗതിയിൽ ഏതെങ്കിലും ഇനം പ്രവൃത്തി അംഗീകരിച്ച അളവിലും അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ അധികമായി ചെയ്യുന്ന അളവിൻ കരാറുകാരൻ കാട്ട് ചെയ്ത തുകയോ എസ്റ്റിമേറ്റ് നിരക്കോ ഏതാണോ കുറവ് ആ നിരക്കും ഏതെങ്കിലും ഇനം പുതിയതായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ കാട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക Estimate PAC പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം കുറഞ്ഞ നിരക്കും മാത്രമേ അനുവദിക്കുകയുള്ളൂ.

13. ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാനുവല് പ്രകാരവും കേരളാ പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും ഈ ടെൻഡർ സംബന്ധമായ ചട്ടങ്ങള് പ്രകാരവും കാലാകാലങ്ങളിൽ സർക്കാര് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

14. ദർഘാസ് തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിയ്ക്കുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസ് നടപടികള് നടത്തുന്നതാണ്.

15. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ചരക്ക് സേവന നികുതി പ്രകാരമുള്ളതും സർക്കാര് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ ദർഘാസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവർത്തികൾക്ക് ബാധകമായിരിക്കുന്നതാണ്. നികുതി നിരക്കുകളിൽ വർദ്ധന ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാര് ബാധ്യസ്ഥരായിരിക്കുന്നതാണ്.

16. പ്രവർത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവർത്തിസമയങ്ങളിൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ നിന്നോ http:/tender.lsgkerala.gov.in/pages/display Tender. Php., www.etenders.kerala.gov.in

17. ബിറ്റുമെൻ ഉപയോഗിച്ചുള്ള പ്രവർത്തികളിൽ ബിറ്റുമെന്റെ കാളിറ്റി ടെസ്റ്റ് കരാറുകാരൻ നിർബന്ധായും ചെയ്യേണ്ടതാണ്. കൂടാതെ പഗ്മിൽ പ്ലാന്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
അസിസ്റ്റന്റ് എൻജിനീയർ